
കവർസ്റ്റോറി

ശൈഖ് മുഹമ്മദ് കാരകുന്ന്
ഡയറക്ടർ, ഡയലോഗ് സെന്റർ കേരള

# സംവാദങ്ങൾ സർഗാത്മകമാവുമ്പോൾ

**ഇസ്‌ലാമിനെ സംബന്ധിച്ച് പ്രബോധിതരിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ നീക്കിയ ശേഷമേ സത്യപ്രബോധനം സാധ്യവും ഫലപ്രദവുമാവുകയുള്ളൂ. വരകളും കുറികളുമുള്ള ബോർഡിൽ അവ മായിച്ചുകളഞ്ഞ ശേഷം മാത്രമാണല്ലോ എഴുതാൻ കഴിയുക. അതിനാൽ ഇന്നത്തെ സാഹചര്യത്തിൽ പൊതുസമൂഹത്തിനായി നടത്തപ്പെടുന്ന സംവാദങ്ങളുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന് അമുസ്‌ലിംകളിൽ നിലനിൽക്കുന്ന ഗുരുതരമായ തെറ്റിദ്ധാരണകൾ നീക്കലായിരിക്കണം.**



**മനുഷ്യനെ** മറ്റു ജീവികളിൽ നിന്ന് വേർതിരിക്കുന്ന പ്രധാന പ്രത്യേകതകളിലൊന്ന് സ്വാതന്ത്ര്യമാണ്. ഇതര ജീവികളെല്ലാം നിലകൊള്ളുന്നത് ജന്മവാസനകൾക്കനുസൃതമായാണ്. എന്നാൽ മനുഷ്യന് സ്വയം തെരഞ്ഞെടുക്കാനുള്ള സാധ്യതയും സ്വാതന്ത്ര്യവും നൽകപ്പെട്ടിട്ടുണ്ട്. അതിനാലവന് സന്മാർഗിയോ ദുർമാർഗിയോ വിശ്വാസിയോ അവിശ്വാസിയോ ആവാം. ഈ സ്വാതന്ത്യത്തെ സംബന്ധിച്ച് അല്ലാഹു ആദ്യ മനുഷ്യൻ ആദമിനെ തന്നെ അറിയിച്ചിട്ടുണ്ട്. ഈ സ്വാതന്ത്ര്യം ഒരോ മനുഷ്യന്റെയും മൗലികാവകാശമാണ്. അത് സംരക്ഷിക്കപ്പെടണമെന്ന് ഇസ്‌ലാം കണിശമായി കൽപ്പിക്കുന്നു.

"താങ്കൾ വിളംബരം ചെയ്യുക: ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാകുന്നു. ഇഷ്ടമുള്ളവർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം" (ഖുർആൻ 18:29).

"അഥവാ അവർ പിന്തിരിഞ്ഞുപോവുന്നുവെങ്കിൽ അവരുടെ മേൽനോട്ടക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല. സന്ദേശം എത്തിക്കേണ്ട ബാധ്യത മാത്രമേ നിനക്കുള്ളൂ" (42:48).

"നബിയേ, താങ്കൾ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുക. താങ്കൾ ഉദ്ബോധകൻ മാത്രമാകുന്നു. അവരെ നിർബന്ധിച്ചു വഴിപ്പെടുത്തുന്നവനൊന്നുമല്ല താങ്കൾ" (88:21, 22).

**മധുരമായ വാക്കു പറയുക, അങ്ങേയറ്റം മാന്യമായ സ്വഭാവം പുലർത്തുക, ചിന്തോദ്ദീപകവും അനുവാചകമനസ്സിനെ സ്വാധീനിക്കുന്നതുമായ തെളിവുകൾ സമർപ്പിക്കുക, അനുവാചക ഹൃദയത്തിൽ വെറുപ്പും വിദ്വേഷവും ഉണ്ടാവാതിരിക്കുക, മറുഭാഗം കുതർക്കത്തിലേക്ക് പോവുകയാണെങ്കിൽ അവർ മാർഗഭ്രംശത്തിൽ കൂടുതൽ ആണ്ടു പോവാതിരിക്കുന്നതിന് തൽക്കാലം അവരെ വിട്ടുപിരിയുക; ഇതൊക്കെയായിരിക്കണം സംവാദ ശൈലി.**



ബഹുസ്വരത ദൈവ കൽപിതമാണെന്നും എല്ലാവരും ഒരേ വിശ്വാസികളും ഒരൊറ്റ ജനതയുമാവുകയെന്നത് അസംഭവ്യമാണെന്നും ഇസ്‌ലാം ഉദ്ഘോഷിക്കുന്നു.

"നിങ്ങളിൽ ഒരോ വിഭാഗത്തിന്നും നാം ഒരോ നിയമ വ്യവസ്ഥയും കർമരീതിയും നിശ്ചയിച്ചു തന്നിട്ടുണ്ട്. അല്ലാഹു ഇഛിച്ചിരുന്നുവെങ്കിൽ നിങ്ങളെ ഒന്നാകെ ഒരൊറ്റ സമുദായമാക്കുമായിരുന്നു" (5: 48).

### സത്യപ്രബോധനം

ഒരു വീട് അഗ്നിക്കിരയായി. അതിലകപ്പെട്ട ഒന്നോ രണ്ടോ പേരെ നമുക്ക് രക്ഷിക്കാൻ സാധിച്ചു. എങ്കിൽ നമുക്ക് അതെത്രമാത്രം നിർവൃതിദായകമായിരിക്കും! നമ്മുടെ ജീവിതാന്ത്യം വരെ നമ്മുടെ മനസ്സിലെ മധുരമുള്ള മങ്ങാത്ത ഓർമയായി അത് നിലനിൽക്കും, തീർച്ച. അപ്പോൾ നരകാഗ്നിയിൽ നിന്ന് ആരെയെങ്കിലും രക്ഷിച്ച് സ്വർഗാവകാശിയാക്കാൻ സാധിച്ചാലോ; അതിനെക്കാൾ മഹാഭാഗ്യം മറ്റെന്തുണ്ട്?

നാം ആയിരം തവണ ഐഛിക നമസ്ക്കാരമോ നൂറുദിവസം ഐഛിക വ്രതമോ അനുഷ്ഠിച്ചാൽ നമുക്കതിന്റെ പ്രതിഫലം ലഭിക്കും. എന്നാൽ നമ്മുടെ ശ്രമഫലമായി ഒരാൾ നേർവഴിയിലായാലോ? അയാളുടെയും അയാൾ കാരണമായി ആരൊക്കെ സന്മാർഗം പ്രാപിക്കുന്നുവോ അവരുടെയുമെല്ലാം സൽകർമങ്ങളുടെ ഒരംശം അവർക്ക് നഷ്ടമാകാതെ നമുക്ക് ലഭിച്ചുകൊണ്ടിരിക്കും. അതിനാൽ അന്ത്യനാൾ വരെ നമ്മുടെ സദ്ഫലം വർധിച്ചു കൊണ്ടിരിക്കാൻ കാരണമാകുന്ന മഹത്തായ കർമമാണ് ഇസ്‌ലാമിക പ്രബോധനം. ഖുർആൻ ചോദിക്കുന്നു. "അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, ഉറപ്പായും ഞാൻ മുസ്‌ലിംകളിൽ പെട്ടവൻ തന്നെയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തവനേക്കാൾ വിശിഷ്ടമായ വാക്കു പറയുന്നവനാരുണ്ട്?"(41:33)

"നിന്നിലൂടെ അല്ലാഹു ഒരാളെ നേർവഴിയിലാക്കുന്നതാണ് ഈ ലോകവും അതിലുള്ളതൊക്കെയും നേടുന്നതിനെക്കാൾ നിനക്കുത്തമം" എന്ന് നബി പറയാനുള്ള കാരണവും അതുതന്നെ. ദുർമാർഗത്തിലകപ്പെട്ടവരെ സന്മാർഗത്തിലാക്കാൻ ശ്രമിക്കാത്തവർ, പൊട്ടക്കിണറ്റിലേക്ക് വീഴാൻ പോകുന്ന കുരുടനെ തടഞ്ഞു നിർത്താനോ തീയിൽ വീഴാൻ പോകുന്ന കൊച്ചു കുട്ടിയെ കോരിയെടുക്കാനോ ശ്രമിക്കാത്തവനെക്കാൾ ക്രൂരനും കുടിലനുമത്രെ.

### പ്രബോധകനും പ്രബോധിതനും

ഇതരരംഗങ്ങളിലെന്ന പോലെ ഇസ്‌ലാമിക പ്രബോധന മേഖലയിലും നമ്മുടെ മാതൃകാ പുരുഷന്മാരും ഗുരുക്കന്മാരും പ്രവാചകന്മാരാണ്. പ്രവാചകന്മാർ പ്രബോധിതരുടെ സഹോദരന്മാരെന്ന് വിശേഷിപ്പിക്കപ്പെടുമാറ് അവരുടെ ഭാഗമായിരുന്നു. അല്ലാഹു പറയുന്നു.

"ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെ നാം അയച്ചു" (7:65).

"ഥമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ നാം അയച്ചു" (7:73)

"മദ്‌യൻകാരിലേക്ക് അവരുടെ സഹോദരൻ ശുഐബിനെ നാം അയച്ചു" (7:85)

മക്കാ വിജയ വേളയിൽ നബിയെ, അന്നോളം കൊടിയ ശത്രുത പുലർത്തിയിരുന്ന സമൂഹം "ഞങ്ങളുടെ മാന്യനായ സഹോദരൻ, മാന്യനായ സഹോദരന്റെ മകൻ" എന്നാണല്ലോ വിശേഷിപ്പിച്ചത്.

"എല്ലാ പ്രവാചകന്മാരും നിയോഗിക്കപ്പെട്ടത് തങ്ങളുടെ ജനതയിലേക്കാണ്." (ഖുർആൻ 7:59, 80)

അതുകൊണ്ട് തന്നെ അവരൊക്കെ തങ്ങളുടെ പ്രബോധിതരെ സംബോധന ചെയ്തിരുന്നത് "എന്റെ ജനമേ" (യാ ഖൗമീ) എന്നായിരുന്നു. ഖുർആനിൽ ഖൗമ് എന്ന പദം മുന്നൂറിലേറെ സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. നീണ്ട തൊള്ളായിരത്തമ്പത് വർഷം സത്യ പ്രബോധനം നടത്തിയിട്ടും സ്വീകരിക്കാതെ കടുത്ത ധിക്കാരം കാണിച്ചവരെപ്പോലും നൂഹ് നബി(അ) വിശേഷിപ്പിച്ചത് 'എന്റെ ജനത' (യാ ഖൗമീ) എന്നാണ്. അദ്ദേഹം പറഞ്ഞു: "എന്റെ നാഥാ, ഉറപ്പായും എന്റെ ജനതയെ ഞാൻ രാവും പകലും വിളിച്ചു. എന്നിട്ടും എന്റെ ക്ഷണം അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുകമാത്രമേ ചെയ്തുള്ളൂ" (71:5,6)

മുഹമ്മദ് നബി(സ) തന്നെ ആട്ടിയോടിച്ച ത്വാഇഫ് നിവാസികളെ സംബന്ധിച്ചു പറഞ്ഞത് 'എന്റെ ജനത' എന്നാണല്ലോ. എന്നാൽ ഇന്ത്യൻ മുസ്‌ലിംകൾക്ക് തങ്ങളുടെ പ്രബോധിതരായ അമുസ്‌ലിംകളെ തങ്ങളുടെ ജനത-ഖൗമ്-യായി കാണാൻ കഴിയുന്നില്ല. അവരെ സംബന്ധിച്ചേടത്തോളം അറബിപ്പേരുള്ള ആൾക്കൂട്ടമാണ് ഖൗമ്. നിരീശ്വരവാദികളായാലും കടുത്ത മത വിരുദ്ധരായാലും അവർ നമ്മുടെ ഖൗമാണ്. എന്നാൽ പ്രബോധിതർ അങ്ങനെയല്ല താനും. നാം 'എന്റെ ജനം' എന്ന് സംബോധന ചെയ്താൽ പോലും അത് ഉൾക്കൊള്ളാൻ കഴിയുന്ന മാനസികാവസ്ഥയിലല്ല നമ്മുടെ പ്രബോധി

തർ. നൂറ്റാണ്ടുകളിലൂടെ വളർന്നു വന്നതും ഇപ്പോഴും നില നിൽക്കുന്നതുമായ സാമുദായിക ധ്രുവീകരണവും അകൽച്ച യുമാണ് കാരണം.

ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾ ഫലപ്രദമാകണമെങ്കിൽ പ്രബോധിതരുമായുള്ള അകൽച്ച അവസാനിപ്പിക്കുകയും അവരുമായി ഉറ്റ സൗഹൃദം വളർത്തിയെടുക്കുകയും വേണം. നമ്മുടെ പരിപാടികൾ ഈ നിയോഗനിർവഹണത്തിന് സഹായകമാകണം.

## പ്രബോധന ശൈലി

പ്രബോധകൻ പ്രബോധിതരോട് അതിരറ്റ ഗുണകാംക്ഷ പുലർത്തുന്നവനായിരിക്കണം. അവരുടെ മാർഗ ദർശനത്തിൽ അതീവ തൽപരനും. പ്രവാചകന്റെ പ്രബോധക മനസ്സിനെ ഖുർആൻ ഇങ്ങനെ അനാവരണം ചെയ്യുന്നു:

"ഈ ജനത്തിന് പിറകെ നീ ആകുലനായി ആത്മനാശം വരുത്തിയേക്കാം; അവർ ഈ അധ്യാപനത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ" (18:6)

"ഈ ജനം വിശ്വാസികളാകാത്തതിൽ മനംനൊന്ത് നീ സ്വയം ഹനിച്ചേക്കാം." (26:3)

സമൂഹത്തെ സന്മാർഗത്തിലേക്ക് നയിക്കാനുള്ള ഉൽക്കടമായ ആഗ്രഹമുള്ള ഏതൊരാളും അതിന് ഏറ്റവും അനുയോജ്യമായ ശൈലിയാണ് അവലംബിക്കുക. അതിനാൽ പ്രബോധിതരെ പ്രകോപിതരാക്കാതിരിക്കാൻ പ്രബോധകൻ പരമാവധി ശ്രദ്ധയും സൂക്ഷ്മതയും പുലർത്തേണ്ടതാണ്.

പ്രബോധന ശൈലി തീരുമാനിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്യുമ്പോൾ പ്രബോധന പശ്ചാത്തലവും പ്രബോധിതരുടെ അവസ്ഥയും പൂർണമായും പരിഗണിക്കണം. അതിനാലാണ് ഖുർആൻ ഇതിന് വിശാലമായ ഒരു ചട്ടക്കൂട് നൽകിയത്.

"നയചാതുരിയോടെയും സദുപദേശത്തോടെയും നീ നിന്റെ നാഥന്റെ മാർഗത്തിലേക്ക് പ്രബോധനം ചെയ്യുക" (16:125).

കാലം കണ്ട ഏറ്റവും ക്രൂരനും കൊടിയ അക്രമിയും ധിക്കാരിയുമൊക്കെയായാണ് ഖുർആൻ ഫിർഔനെ പരിചയപ്പെടുത്തുന്നത്. എന്നിട്ടും മൂസാ നബിയെയും സഹോദരൻ ഹാറൂൻ നബിയെയും അയാളുടെ അടുത്തേക്കയച്ചപ്പോൾ സംസാരം സൗമ്യമായിരിക്കണമെന്ന് അല്ലാഹു പ്രത്യേകം നിഷ്കർഷിക്കുകയുണ്ടായി.

''നിങ്ങൾ രണ്ടു പേരും ഫിർഔന്റെ അടുത്തേക്ക് പോവുക. തീർച്ചയായും അവൻ അതിക്രമകാരിയായിരിക്കുന്നു. നിങ്ങൾ അവനോട് സൗമ്യമായ വാക്കു പറയുക. ഒരുവേള അവൻ ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വന്നേക്കാം" (20:43,44).

## നിരന്തരമായ പ്രക്രിയ

ഇസ്‌ലാമിക പ്രബോധനം മൂന്നോ നാലോ മണിക്കൂറുകൾ കൊണ്ട് ചെയ്തുതീർക്കാവുന്ന ഒരു കാര്യമല്ല. നിരന്തരം തുടരേണ്ട സുദീർഘമായ പ്രക്രിയയാണ്. നൂഹ് നബി തന്റെ ജനതയിൽ തൊള്ളായിരത്തമ്പത് കൊല്ലമാണ് സത്യബോധനം നടത്തിയത്. ഇബ്‌റാഹിം നബി നിരവധി വർഷം വിവിധമാർഗേണ ഇറാഖിൽ ഇസ്‌ലാമിക പ്രബോധനം നടത്തുകയുണ്ടായി. മുഹമ്മദ് നബി തിരുമേനി മക്ക എന്ന ചെറിയ പ്രദേശത്ത് പതിമൂന്ന് കൊല്ലം പ്രബോധന പ്രവർത്തനങ്ങൾ നിർവഹിച്ചു. ഒട്ടും മടുപ്പില്ലാതെ പ്രബോധിതരെ നിരന്തരം സമീപിച്ചു കൊണ്ടാണ് ഇത് ചെയ്യേണ്ടത്. നൂഹ് നബി(അ) തന്റെ ജനതയെ ഏത് വിധമായിരുന്നു പിന്തുടർന്നിരുന്നതെന്ന് ഖുർആൻ വിവരിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു: "നീ അവർക്ക് പൊറുത്തു കൊടുക്കാനായി ഞാൻ അവരെ ക്ഷണിച്ചപ്പോഴൊക്കെയും അവർ തങ്ങളുടെ വിരലുകൾ കാതുകളിൽ വെക്കുകയും അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും അവർ ശഠിച്ചു നിൽക്കുകയും കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്. പിന്നീട് ഞാനവരെ ഉറക്കെ വിളിച്ചു. പിന്നീട് ഞാനവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി" (71:7-9).

ജനങ്ങൾ വേണമെങ്കിൽ നന്നായിക്കൊള്ളട്ടെ, ഞാനെന്റെ ബാധ്യത നിർവഹിക്കുകയാണ് എന്ന മനസ്സോടെ ചെയ്യേണ്ട കാര്യമല്ല ഇസ്‌ലാമിക പ്രബോധനം. അതുകൊണ്ടുതന്നെ പ്രബോധിത സമൂഹവുമായുള്ള പ്രബോധന ബന്ധം അറ്റുപോകും വിധം അവരെ പ്രകോപിതരാക്കുന്ന ശൈലി ഒരു കാരണവശാലും പ്രബോധകനിൽ നിന്നുണ്ടാകാവതല്ല. ഒന്നുകൂടി തെളിച്ചു പറഞ്ഞാൽ, ഒരു സംഭാഷണമോ പ്രഭാഷണമോ സംവാദമോ കേട്ടാൽ ഇനി എനിക്ക് അവരുടേത് കേൾക്കേണ്ടതില്ല എന്ന് ശ്രോതാക്കൾ തീരുമാനിക്കും വിധം പരുക്കൻ ശൈലികളും പ്രയോഗങ്ങളും പ്രബോധകനിൽനിന്നുണ്ടാകാവതല്ല. പ്രബോധിത സമൂഹത്തെ സത്യത്തിലേക്ക് നയിക്കാൻ പരമാവധി ശ്രദ്ധയും സൂക്ഷ്മതയും വേണം.

## മത സംവാദങ്ങൾ

സംവാദം പ്രബോധന മാധ്യമമാക്കാമെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. അതോടൊപ്പം അത് കേവലമായ വാദ പ്രതിവാദമോ ബുദ്ധിപരമായ കിടമത്സരമോ അനാവശ്യമായ വാദ കോലാഹലങ്ങളോ അപകീർത്തിപ്പെടുത്തലോ ആക്ഷേപമോ പരിഹാസമോ അടിച്ചിരുത്തലോ ആവരുതെന്ന് നിഷ്കർഷിക്കുന്നു. വാചാലതകൊണ്ട് എതിരാളിയെ ഉത്തരം മുട്ടിക്കലാവരുത് ഉദ്ദേശ്യം. മറിച്ച് മധുരമായ വാക്കു പറയുക, അങ്ങേയറ്റം മാന്യമായ സ്വഭാവം പുലർത്തുക, ചിന്തോദ്ദീപകവും അനുവാചകമനസ്സിനെ സ്വാധീനിക്കുന്നതുമായ തെളിവുകൾ സമർപ്പിക്കുക, അനുവാചക ഹൃദയത്തിൽ വെറുപ്പും വിദ്വേഷവും ഉണ്ടാവാതിരിക്കുക, മറുഭാഗം കുതർക്കത്തിലേക്ക് പോവുകയാണെങ്കിൽ അവർ മാർഗഭ്രംശത്തിൽ കൂടുതൽ ആണ്ടു പോവാതിരിക്കുന്നതിന് തൽക്കാലം അവരെ വിട്ടുപിരിയുക; ഇതൊക്കെയായിരിക്കണം സംവാദ ശൈലി. അല്ലാഹു കൽപ്പിക്കുന്നു: "ഏറ്റം നല്ല രീതിയിൽ ജനങ്ങളോടു സംവദിക്കുക"(16:125).

"നിങ്ങൾ വേദക്കാരോട് സംവാദത്തിലേർപ്പെടരുത്, ഏറ്റവും നല്ല രീതിയിലല്ലാതെ" (29:46).

ഇതിന്റെ വ്യാഖ്യാനത്തിൽ സയ്യിദ് മൗദൂദി എഴുതുന്നു; "വിജ്ഞാനം കൊടുക്കാനും കൊള്ളാനുമുള്ള ജിജ്ഞാസയോടെ സംസ്കാര സമ്പന്നമായ ഭാഷയിൽ യുക്തിപരമായ തെളിവുകളോടു കൂടിയായിരിക്കണം സംവാദങ്ങൾ. ഒരുവനുമായി സംവാദം നടത്താൻ കഴിഞ്ഞാൽ അവന്റെ വിചാരങ്ങൾ സംസ്കരിക്കാൻ കഴിയണം. അഭിസംബോധിതന്റെ മനസ്സിന്റെ വാതിലുകൾ തുറന്ന് അതിലേക്ക് സത്യം കടത്തിവിടുകയും അയാളെ ശരിയായ പാതയിലേക്ക് കൊണ്ടു വരികയും ചെയ്യുക എന്നതിലായിരിക്കണം പ്രബോധകന്റെ മുഴുശ്രദ്ധയും. അയാൾ പ്രതിയോഗിയെ മുട്ടുകുത്തിക്കാൻ വെമ്പുന്ന ഗുസ്തിക്കാരനെ പോലെ പൊരുതരുത്. തന്റെ അബദ്ധം നിമിത്തം രോഗിയുടെ ദീനം വർധിക്കാനിടയാവരുതെന്നതിനെക്കുറിച്ച് ശുശ്രൂഷയുടെ

**സമൂഹത്തെ സന്മാർഗത്തിലേക്ക് നയിക്കാനുള്ള ഉൽക്കടമായ ആഗ്രഹമുള്ള ഏതൊരാളും അതിന് ഏറ്റവും അനുയോജ്യമായ ശൈലിയാണ് അവലംബിക്കുക. അതിനാൽ പ്രബോധിതരെ പ്രകോപിതരാക്കാതിരിക്കാൻ പ്രബോധകൻ പരമാവധി ശ്രദ്ധയും സൂക്ഷ്മതയും പുലർത്തേണ്ടതാണ്.**

ഒരോ നിമിഷത്തിലും ബോധവാനായ വിദഗ്ധ ഭിഷഗ്വരന്റെ നിലപാടാണ് അയാൾക്കുണ്ടാവേണ്ടത്. ക്ലേശം ഏറെ കുറച്ചു കൊണ്ട് രോഗം ശമിപ്പിക്കാനാണ് അയാൾ ശ്രമിക്കുക. ഇവിടെ അവതരണ പശ്ചാത്തലത്തിന്റെ ഔചിത്യം പരിഗണിച്ച് വേദ വിശ്വാസികളുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ നിർദേശം അവരുടെ കാര്യത്തിൽ മാത്രമുള്ളതല്ല; ദീനി പ്രബോധനത്തിൽ പാലിക്കേണ്ട പൊതുതത്ത്വമായി ഖുർആൻ പലയിടത്തും അത് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്" (*തഫ്ഹീമുൽ ഖുർആൻ*).

അതിനാൽ മതസംവാദത്തിന്റെ ലക്ഷ്യം ഒരിക്കലും മുസ്‌ലിം സമുദായത്തെ ഹരംകൊള്ളിക്കലും അവരുടെ പിന്തുണനേടലും കയ്യടി വാങ്ങലുമാകരുത്. പ്രബോധിതരായ അമുസ്‌ലിം സഹോദരങ്ങളെ സൻമാർഗത്തിലേക്ക് നയിക്കാൻ കളമൊരുക്കലായിരിക്കണം.

ചരിത്രപരമായ കാരണങ്ങളാലും പ്രതിയോഗികളുടെ ആസൂത്രിതവും അവിരാമവുമായ പ്രചാരണങ്ങളാലും മുസ്‌ലിംകളുടെ തെറ്റായ ജീവിത രീതികളാലും നമ്മുടെ നാട്ടിലെ അമുസ്‌ലിംകളിൽ മഹാഭൂരിപക്ഷവും ഇസ്‌ലാമിനെ സംബന്ധിച്ച് ഗുരുതരമായ തെറ്റിദ്ധാരണകൾ വെച്ചുപുലർത്തുന്നവരാണ്. അഥവാ നമ്മുടെ പ്രബോധിതർ ഇസ്‌ലാമിനെ സംബന്ധിച്ച് ശൂന്യമനസ്ക്കരല്ല. ഒട്ടേറെ അബദ്ധധാരണകൾക്ക് അടിപ്പെട്ടവരാണ്. അതുകൊണ്ടു തന്നെ അങ്ങേയറ്റം അനുകമ്പാർഹരുമാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് പ്രബോധിതരിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ നീക്കിയ ശേഷമേ സത്യപ്രബോധനം സാധ്യവും ഫലപ്രദവുമാവുകയുള്ളൂ. വരകളും കുറികളുമുള്ള ബോർഡിൽ അവ മായിച്ചുകളഞ്ഞ ശേഷം മാത്രമാണല്ലോ എഴുതാൻ കഴിയുക. അതിനാൽ ഇന്നത്തെ സാഹചര്യത്തിൽ പൊതുസമൂഹത്തിനായി നടത്തപ്പെടുന്ന സംവാദങ്ങളുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന് അമുസ്‌ലിംകളിൽ നിലനിൽക്കുന്ന ഗുരുതരമായ തെറ്റിദ്ധാരണകൾ നീക്കലായിരിക്കണം.

ഇസ്‌ലാമിനെ സംബന്ധിച്ച് മുസ്‌ലിംകൾതന്നെ തികഞ്ഞ അജ്ഞതയിലാണ്. പിന്നെ, അമുസ്‌ലിംകളുടെ കാര്യം പറയേണ്ടതില്ലല്ലോ. അതിനാൽ മത സംവാദങ്ങൾ ഇസ്‌ലാമിനെ സാമാന്യമായെങ്കിലും പരിചയപ്പെടുത്താൻ സഹായകമായിത്തീരണം. അതേക്കുറിച്ച് അമുസ്‌ലിംകളിൽ നിലനിൽക്കുന്ന മോശമായ പ്രതിഛായ മാറ്റി നല്ലൊരു ചിത്രം സംബോധിതരിൽ സൃഷ്ടിച്ചെടുക്കാനും മത സംവാദങ്ങൾ ഉപകരിക്കേണ്ടതുണ്ട്.

സത്യാന്വേഷണ മനസ്സ് തന്നെ കൂമ്പടഞ്ഞ കാലഘട്ടമാണിത്. സമൂഹത്തിൽ ഏറെ പേരും സ്വന്തം മതത്തെ സംബന്ധിച്ചു തന്നെ അന്വേഷിക്കാനും പഠിക്കാനും തൽപരരല്ല. അന്യമതങ്ങളുടെ കാര്യത്തിൽ ഇത് ഒട്ടുമില്ലെന്നതാണ് വസ്തുത. അതിനാൽ സത്യാന്വേഷണ മനസ്സ് വളർത്തിയെടുക്കലും ഇസ്‌ലാമിനെ സംബന്ധിച്ച് പഠിക്കാൻ താൽപര്യമുണർത്തലും ഇന്നത്തെ സാഹചര്യത്തിൽ അതിപ്രധാനമത്രെ. മത സംവാദങ്ങൾ ഇതിനും സഹായകരമായിത്തീരണം.

ചുരുക്കത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ച തെറ്റിദ്ധാരണ നീക്കൽ, അതിനെ സാമാന്യമായി പരിചയപ്പെടുത്തൽ, ഇസ്‌ലാമിനെപ്പറ്റി പ്രബോധിതരിൽ നല്ല പ്രതിഛായ വളർത്തിയെടുക്കൽ, ഇസ്‌ലാമിനെ സംബന്ധിച്ച് അവരിൽ പഠിക്കാൻ താൽപര്യം ഉണർത്തൽ പോലുള്ള ലക്ഷ്യങ്ങൾ നേടാൻ നമ്മുടെ മത സംവാദങ്ങൾക്ക് സാധിക്കേണ്ടതുണ്ട്. പഠിക്കാനുള്ള താൽപര്യം ഉണർത്താൻ സാധിച്ചാൽ പ്രബോധിതർ അന്വേഷിക്കാനും സത്യം കണ്ടെത്താനും സ്വയം മുന്നോട്ടു വരുമെന്നതിൽ സംശയമില്ല. അതുകൊണ്ട് തന്നെ അമുസ്‌ലിംകളുടെ വികാരങ്ങൾ വ്രണപ്പെടുത്തിയും അവരെ പ്രകോപിതരാക്കിയും അന്വേഷണവാഞ്ഛയെ കെടുത്തുന്ന സമീപനം പ്രബോധകരുടെ ഭാഗത്തുനിന്നുണ്ടാകാവതല്ല. ഇക്കാരണത്താൽ തന്നെ മതസംവാദങ്ങളിൽ ഉയർന്നു വരുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത് ചോദ്യകർത്താവിനെ അപമാനിക്കുന്ന തരത്തിലോ അടിച്ചിരുത്തും വിധമോ ആകരുത്. അന്വേഷണവാഞ്ഛ നിലനിൽക്കാനും സത്യം ബോധ്യമാക്കാനും സഹായകമാവും വിധമായിരിക്കണം.

വാദിക്കാനും ജയിക്കാനും തർക്കിക്കാനും തോൽപ്പിക്കാനുമാകരുത് സംവാദങ്ങൾ; അറിയിക്കാനും പഠിക്കാൻ പ്രേരിപ്പിക്കാനും സഹായകമാവും വിധമാകണം. മറിച്ചായാൽ വാക്‌സാമർത്ഥ്യമുള്ളവരാണ് മികച്ചു നിൽക്കുക. ആയിരങ്ങൾ പങ്കെടുത്ത ഒരു സംവാദത്തിൽ ഇസ്‌ലാമിക പക്ഷത്തെ പ്രതിനിധീകരിച്ച വ്യക്തിയെക്കാൾ മറുഭാഗത്തിന് മികവ് പ്രകടിപ്പിക്കാനും അങ്ങനെ പ്രത്യക്ഷത്തിൽ ഇസ്‌ലാം പരാജയപ്പെട്ടുവെന്ന ധാരണ പരക്കാനും ഇടവന്ന ദുഃഖകരമായ അനുഭവം വിസ്മരിക്കാവതല്ല. ഇത് സൃഷ്ടിച്ച ക്ഷീണത്തിൽ നിന്ന് അവിടത്തെ മുസ്‌ലിംകൾ ഇപ്പോഴും മോചിതരായിട്ടുണ്ടോ എന്ന് സംശയമാണ്.

### ഒരുദാഹരണം

"മുസ്‌ലിംകൾ മാത്രമല്ലേ സ്വർഗത്തിൽ പോവുകയുള്ളൂ?" മത സംവാദങ്ങളിൽ സാധാരണയായി ഉയർന്നു വരാറുള്ള ചോദ്യങ്ങളിലൊന്നാണിത്. ഇതിന് ഖുർആൻ വാക്യങ്ങളുദ്ധരിച്ച് മുസ്‌ലിംകൾ മാത്രമേ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂവെന്ന് സ്ഥാപിക്കാനും മറുപടി നൽകാനും നമുക്ക് സാധിക്കും. എന്നാൽ ഒരു പൊതു പരിപാടിയിൽ പങ്കെടുക്കുന്ന അമുസ്‌ലിംകളിൽ മഹാഭൂരിപക്ഷവും ഇസ്‌ലാമിനെ സംബന്ധിച്ച് ഗുരുതരമായ തെറ്റിദ്ധാരണ വെച്ചു പുലർത്തുന്നവരും കടുത്ത അജ്ഞതയുള്ളവരും മുസ്‌ലിംകളുടെ ജീവിത രീതി കാരണം അവരോട് ഒട്ടും മതിപ്പില്ലാത്തവരുമായിരിക്കും. മുസ്‌ലിംകൾ മാത്രമേ സ്വർഗാവകാശികളാവുകയുള്ളൂ എന്ന മറുപടി അത്തരക്കാരിൽ സൃഷ്ടിക്കുന്ന പ്രതികരണം എന്തായിരുക്കുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ. സ്വാഭാവികമായും അവർ പിന്നീട് പ്രബോധകരുടെ വാക്കുകൾ കേൾക്കാനോ മനസ്സിലാക്കാനോ കൂട്ടാക്കുകയില്ല. പ്രബോധകരുടെ ഇത്തരം അപക്വവും അശാസ്ത്രീയവുമായ സമീപനം കാരണം സത്യാന്വേഷണത്തിന്റെ വാതിൽ കൊട്ടിയടച്ച എത്രയോ പേർ കേരളക്കരയിൽ തന്നെയുണ്ട്. ഇവ്വിധം പ്രബോധകരും പ്രബോധിതരുമായുള്ള ബന്ധം അറ്റു പോകുന്ന ഒരു സമീപനവും ഉണ്ടാകാവതല്ല. മക്കയിലെ

ചെറിയ പ്രദേശത്ത് പ്രവാചകൻ ഒരേ ജനതയോട് നീണ്ട പതിമൂന്ന് കൊല്ലം സത്യപ്രബോധനം നടത്തിയിട്ടും സന്മാർഗം സ്വീകരിക്കാതെ സത്യ നിഷേധത്തിൽ അടിയുറച്ചു നിന്ന ബഹുദൈവാരാധകരും പ്രവാചകനും തമ്മിലുണ്ടായ ബന്ധം വളരെ ഭദ്രമായിരുന്നു. അതിനാലാണല്ലോ അവർ തങ്ങളുടെ സാധനങ്ങൾ സൂക്ഷിക്കാൻ നബിതിരുമേനിയെ ഏൽപ്പിച്ചതും ഹിജ്റ വേളയിൽ അവ മടക്കിക്കൊടുക്കാൻ അവിടുന്ന് അലി(റ)യെ മക്കയിൽ നിർത്തിയതും. എന്നാൽ ഇസ്‌ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധമല്ലാത്തതും പ്രബോധിതരുടെ അന്വേഷണ വാഞ്ഛയെ ഉത്തേജിപ്പിക്കുന്നതും പ്രബോധന ബന്ധം തുടരാൻ സഹായകവുമായ മറുപടി നൽകാൻ നമുക്ക് അനായാസം സാധിക്കും.

പരീക്ഷ പാസാകണമെന്ന് ആഗ്രഹിച്ച് ചോദ്യങ്ങൾക്ക് നിശ്ചിതമായ ഉത്തരം എഴുതുന്നവരേ പരീക്ഷയിൽ വിജയിക്കുകയുള്ളൂ. അവ്വിധം തന്നെ സ്വർഗത്തിൽ വിശ്വസിച്ച് അത് ലഭിക്കണമെന്നാഗ്രഹിച്ച് അതിന് ദൈവം നിശ്ചയിച്ച മാർഗത്തിലൂടെ സഞ്ചരിക്കുന്നവർക്കേ സ്വർഗം ലഭിക്കുകയുള്ളൂ. അങ്ങനെ ചെയ്യുന്നവർക്കെല്ലാം സ്വർഗം ലഭിക്കുകയും ചെയ്യും. അവരുടെ പേരോ ദേശമോ ഭാഷയോ ജാതിയോ അല്ല മാനദണ്ഡം. അതിനാൽ നമ്മുടെ ബാധ്യത ദൈവം സ്വർഗ ലബ്ധിക്ക് നിശ്ചയിച്ച മാർഗം അന്വേഷിച്ച് കണ്ടെത്തി അതിനനുസരിച്ച് ജീവിക്കലാണ്.

ഇത്തരം അന്വേഷണവാഞ്ഛ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്ന സമീപനം സ്വീകരിക്കാൻ ഖുർആൻ തന്നെ നിർദേശിക്കുന്നുണ്ട്. " ചോദിക്കുക: ആകാശങ്ങളിൽനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നവൻ ആരാകുന്നു? പറയുക: അല്ലാഹുവാകുന്നു. തീർച്ചയായും ഒന്നുകിൽ ഞങ്ങൾ അല്ലെങ്കിൽ നിങ്ങൾ സന്മാർഗത്തിലാകുന്നു. അല്ലെങ്കിൽ വ്യക്തമായ ദുർമാർഗത്തിൽ."(34:24)

സർവമത സത്യവാദത്തിലേക്ക് വഴുതി വീഴാത്തതും പ്രബോധനബന്ധം തുടരാൻ സഹായകമാം വിധം പ്രബോധിതരുടെ അന്വേഷണതൃഷ്ണ വളർത്തുന്നതുമായ സമീപനവും ശൈലിയുമാണ് ഇസ്‌ലാമിക പ്രബോധകർ എപ്പോഴും സ്വീകരിക്കേണ്ടത്. എങ്കിലേ പ്രബോധിതരെ സത്യം ബോധ്യപ്പെടുത്തി സന്മാർഗത്തിലേക്ക് നയിക്കാൻ സാധിക്കുകയുള്ളൂ.

പ്രബോധിതരെ ഒട്ടും പ്രകോപിതരാക്കാതെ സൗമ്യവും സ്നേഹ പൂർവവുമായ ശൈലി സ്വീകരിച്ചുള്ള സംവാദത്തിലൂടെ അനേകായിരം സഹോദരങ്ങളുടെ ഇസ്‌ലാമിനെ സംബന്ധിച്ച തെറ്റിദ്ധാരണകളും അജ്ഞതയും നീക്കാനും ഇസ്‌ലാമിനെ പരിചയപ്പെടുത്താനും സാധിച്ചിട്ടുണ്ട്. സന്മാർഗ സ്വീകരണത്തിനും ഏറെ പ്രായോഗികവും ഫലപ്രദവും അതാണെന്ന് അനുഭവം സാക്ഷ്യപ്പെടുത്തുന്നു. പ്രബോധിതരിൽ നിന്ന് ആദർശമാറ്റത്തിലൂടെ പ്രബോധകരായി മാറിയ നിരവധി പേർ കേരളക്കരയിൽ തന്നെയുണ്ട്. സത്യപ്രബോധനത്തിന്റെ ഏറെ നല്ല രീതിയും സംവാദത്തിന്റെ ഫല പ്രദമായ ശൈലിയും ഏതെന്നതിന്റെ മനോഹരമായ ഉദാഹരണങ്ങളും സാക്ഷ്യങ്ങളുമാണവർ. ■